# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T 2024 — 11.02.2020 ൽ മറുപടിയ്ക്ക്

## അപകട സാധ്യതയുള്ള റോഡുകളിൽ മുൻകരുതൽ നടപടികൾ

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ</th><th colspan="2">മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</th></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് റോഡപകടങ്ങളിൽ മരിക്കുന്നവരുടെ എണ്ണത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;</td><td>(എ)</td><td>കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ സംസ്ഥാനത്ത് റോഡപകടങ്ങളിൽ മരിക്കുന്നവരുടെ എണ്ണത്തിൽ നേരിയ തോതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ ഇതോടൊപ്പം ചേർക്കുന്നു.<br><table><tr><th>വർഷം</th><th>മരണമടഞ്ഞവരുടെ എണ്ണം</th></tr><tr><td>2017</td><td>4131</td></tr><tr><td>2018</td><td>4303</td></tr><tr><td>2019</td><td>4440</td></tr></table></td></tr>
<tr><td>(ബി)</td><td>ഇപ്രകാരമുള്ള അപകടങ്ങൾ ഇതുവരെയുള്ള കണക്ക് അനുസരിച്ച് ഏത് ജില്ലയിലാണ് കൂടുതലെന്ന് അറിയിക്കുമോ;</td><td>(ബി)</td><td>കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ തിരുവനന്തപുരം റവന്യൂ ജില്ലയിലാണ് ഇപ്രകാരമുള്ള അപകടങ്ങൾ കൂടുതലും നടന്നത്.</td></tr>
<tr><td>(സി)</td><td>അപകട സാധ്യതയുള്ള റോഡുകളിൽ മുൻകരുതലുകൾ എടുത്ത് സുരക്ഷാ സംവിധാനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?</td><td>(സി)</td><td>അപകട സാധ്യതയുള്ള റോഡുകളിൽ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചും, ട്രാഫിക് സിഗ്നൽ ബോർഡുകൾ സ്ഥാപിച്ചും, അശ്രദ്ധമായ ഡ്രൈവിംഗ്, അമിതമായ സ്പീഡ്, മദ്യപിച്ച് വാഹനമോടിക്കൽ എന്നിവയ്ക്ക് എതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കുന്നതിന് വാഹനപരിശോധന കൂടാതെ സ്പീഡ് ഡിറ്റക്ഷൻ ക്യാമറ, ഇന്റർസെപ്റ്റർ വാഹനം, സ്പീഡ് റഡാർ തുടങ്ങിയ സംവിധാനങ്ങളിലൂടെ പരിശോധന നടപ്പിലാക്കി വരുന്നു. അമിത വേഗത മൂലമുള്ള</td></tr>
</table>

| | | | |
|---|---|---|---|
| | | | അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി അപകട മേഖലകളിൽ സ്പീഡ് ബ്രേക്കറുകൾ സ്ഥാപിച്ച് നിയന്ത്രിച്ചു വരുന്നു. യുവാക്കൾക്കിടയിലും ഡ്രൈവർമാർക്കിടയിലും, സ്വകാര്യ വാഹന ഉടമകൾക്കിടയിലും വിദഗ്ധരെ ഉൾപ്പെടുത്തി-കൊണ്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ ട്രാഫിക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പി-ക്കുന്നതിന് എല്ലാ എസ്.എച്ച്.ഓ മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മാധ്യമങ്ങളിലൂടെയും നവമാധ്യമ-ങ്ങളിലൂടെയും ജനമൈത്രി, സ്റ്റുഡന്റ് പോലീസ് തുടങ്ങിയ പദ്ധതികളിലൂടെയും ട്രാഫിക്ക് ബോധവൽക്കരണം നടത്തിയും, നിരന്തരം അപകടം നടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ആ ഭാഗങ്ങളിൽ പോലീസുദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ച് പ്രത്യേക ശ്രദ്ധചെലുത്തിയും, അമിതവേഗത, മദ്യപിച്ച് വാഹനമോടിക്കൽ മറ്റു ട്രാഫിക്ക് കുറ്റകൃത്യങ്ങൾ എന്നിവയ്ക്ക് നിയമനടപടികൾ സ്വീകരിച്ചും, വാഹന-പരിശോധനയും, മൊബൈൽ പട്രോളിങ്ങും, ശക്തിപ്പെടുത്തിയും മറ്റും വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**